

# ബർസ
# ഒരു ഇസ്‌ലാംപക്ഷ വായന

കവർസ്റ്റോറി ● ടി. മുഹമ്മദ് വേളം

**മുസ്‌ലിം സ്ത്രീ** എഴുതിത്തുടങ്ങിയിരിക്കുന്നു. ബഷീറിന്റെ കുഞ്ഞിപ്പാത്തുമ്മയും കുഞ്ഞിപ്പാത്തുമ്മയെ എഴുത്ത് പഠിപ്പിച്ച ആയിഷയും സ്വന്തം ഭാഷയിൽ എഴുതാനാരംഭിച്ചിരിക്കുന്നു. മുസ്‌ലിം പെണ്ണ് അവളുടെ തലച്ചോറും ഹൃദയവും കൊണ്ട് ഇസ്‌ലാമിനെ ആവിഷ്കരിക്കുകയാണ്. സമകാലിക മലയാള സർഗസാഹിത്യത്തിൽ ഇസ്‌ലാം ഇതിവൃത്തമായി കടന്നുവന്നുകൊണ്ടിരിക്കുന്നു. കെ.പി രാമനുണ്ണിയുടെ *ജീവിതത്തിന്റെ പുസ്തകം* കഴിഞ്ഞാൽ ഇതിന്റെ മികച്ച രണ്ടുദാഹരണങ്ങളാണ് ഡോ. ഖദീജ മുംതാസിന്റെ *ബർസ*യും സഹിറാ തങ്ങളുടെ *റാബിയ*യും. സർഗരചനയുടെ കാര്യത്തിൽ മാത്രമല്ല, സാഹിത്യനിരൂപണ രംഗത്തും സാമൂഹിക വിമർശനത്തിലുമെല്ലാം ഇസ്‌ലാമിനെ ഉപജീവിച്ചുകൊണ്ടുതന്നെയും മുസ്‌ലിംസ്ത്രീ കടന്നുവന്നുകൊണ്ടിരിക്കുന്നുണ്ട്. 'മുസ്‌ലിം സ്ത്രീയുടെ വർത്തമാനം' (*പ്രബോധനം* 2007 ഒക്ടോബർ ആറ്), '*ബർസ* തുറക്കേണ്ട വേറെയും മുഖങ്ങൾ' (*മാധ്യമം* ആഴ്ചപ്പതിപ്പ് 2008 സെപ്റ്റംബർ 29 കെ.പി സൽവ ).

മലയാളത്തിലെ ആദ്യത്തെ മുസ്‌ലിം വനിതാമാസികയായ *ആരാമം* മുസ്‌ലിം പെൺകുട്ടികൾ തന്നെ സ്വന്തമായി എഡിറ്റ് ചെയ്ത് പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്നു. ഇസ്‌ലാമിക നവോത്ഥാനപ്രസ്ഥാനം ഇസ്‌ലാമികമായ സ്ത്രീശാക്തീകരണത്തിന്റെ വഴിയിൽ സ്ഥാപിച്ച നാഴികക്കല്ലുകളെ സ്ത്രീകൾ സ്വയം ആവിഷ്കരിക്കാൻ പ്രാപ്തരായിരിക്കുന്നു. മലയാളത്തിലെ മുസ്‌ലിം സ്ത്രീ എഴുത്തിനകത്ത് ഇസ്‌ലാമിക പ്രപഞ്ച കാഴ്ചപ്പാടിൽ ജീവിതത്തെ ആവിഷ്കരിക്കാനുള്ള ശ്രമങ്ങളും, ഇസ്‌ലാമിനെ തങ്ങളുടെ സർഗരചനയുടെ ഇതിവൃത്തമാക്കുന്ന പ്രവണതയും കാണാൻ കഴിയും. രണ്ടാമത് പറഞ്ഞ തരം രചനകൾക്ക് ഇസ്‌ലാം അവരുടെ സർഗസാഹിത്യത്തിന്റെ അസംസ്കൃതവസ്തു മാത്രമാണ്.

ഇസ്‌ലാം നീതിയുടെ നിറമുള്ള മതമാണ്. അനീതിക്കെതിരായ പോരാട്ടത്തിന്റെ വഴിയിൽ അത് സൃഷ്ടിച്ച നട്ടുച്ചകളാണ് അതിന് ചരിത്രത്തിൽ ഇത്ര വിസ്തൃതമായ സ്ഥലം നേടിക്കൊടുത്തത്. പെണ്ണിനോട് അനീതി ചെയ്യുക എന്നത് എക്കാലത്തും ചരിത്രത്തിലെ പുരുഷരീതിയാണ്. ദൈവത്തിന് നീതിയുടെ സ്വരമാണെന്ന് പഠിപ്പിച്ച, നീതിമാനായ ദൈവത്തിന്റെ സ്വന്തം മതമെന്ന് സ്വയം വിശേഷിപ്പിക്കുന്ന ഇസ്‌ലാമിന് അതിന്റെ പിൽക്കാലങ്ങളിൽ പെണ്ണിനോട് എത്ര അളവിൽ നീതി കാട്ടാൻ സാധിച്ചിട്ടുണ്ട് എന്ന ചോദ്യത്തെ അഭിമുഖീകരിക്കാതെ വർത്തമാനകാലത്ത് ചുവടുവെക്കുക സാധ്യമല്ല.

ഇസ്‌ലാമിക ഫെമിനിസം എന്നത് ഇന്ന് ലോകത്ത് ഏറെ പ്രചാരമുള്ള ഒരു ദാർശനിക പ്രസ്ഥാനമാണ്. കമ്യൂണിസമായിരുന്നു കഴിഞ്ഞ നൂറ്റാണ്ടിന്റെ ദർശനമെങ്കിൽ ഫെമിനിസമാണ് പുതിയ നൂറ്റാണ്ടിന്റെ ദർശനം. കമ്യൂണിസ്റ്റ് നൂറ്റാണ്ടിൽ ക്രൈസ്തവ കമ്യൂണിസം ഉയർന്നുവന്നിട്ടും ഒരു ഇസ്‌ലാമിക കമ്യൂണിസം ഉയർന്നുവന്നില്ല. എന്നാൽ ഫെമിനിസ്റ്റ് നൂറ്റാണ്ടിന്റെ ശൈശവത്തിൽ തന്നെ ഒരു ക്രിസ്ത്യൻ ഫെമിനിസം

ഉയർന്നുവരുന്നതിനോ പ്രബലപ്പെടുന്നതിനോ മുമ്പുതന്നെ ഇസ്‌ലാമിക ഫെമിനിസം പന്തലിക്കുന്നതെന്തുകൊണ്ട് എന്ന ചോദ്യത്തെ ഇസ്‌ലാമിക മുഖ്യധാര അഭിമുഖീകരിക്കേണ്ടതുണ്ട്. എന്തുകൊണ്ട് ഇസ്‌ലാമിക ഫെമിനിസം? പൊതുവായ മനുഷ്യവിമോചനത്തിന്റെ കാര്യത്തിൽ ഇസ്‌ലാമിക പൈതൃകത്തിനകത്തെ സമ്പന്നതയാണ് ഒരു ഇസ്‌ലാമിക കമ്യൂണിസത്തെ അസാധ്യമാക്കിയതെങ്കിൽ, സ്ത്രീ നീതിയുടെ കാര്യത്തിൽ ഇസ്‌ലാമിക സംസ്കൃതിയിലെ പിൽക്കാല ദാരിദ്ര്യമാണ് ഒരു ഇസ്‌ലാമിക ഫെമിനിസത്തെ സാധ്യമാക്കുന്നത്. ഇസ്‌ലാമിക ഫെമിനിസത്തിന്റെ വീഴ്ചകളെയും വഴുക്കലുകളെയും സൈദ്ധാന്തികമായി നേരിട്ടുകൊണ്ട് മാത്രം പെണ്ണുമായി ബന്ധപ്പെട്ട പുതിയ പരിസരത്തെ അഭിമുഖീകരിക്കുക സാധ്യമല്ല. ചരിത്രപരമായി മുസ്‌ലിം പുരുഷൻ പെണ്ണിനോട് ചെയ്ത തെറ്റുകൾ തിരുത്തിക്കൊണ്ടേ പുതിയ കാലത്ത് ഇസ്‌ലാമിന് നിവർന്നുനിൽക്കാൻ കഴിയൂ. മുസ്‌ലിം പെണ്ണ് = മതേതര ആധുനികതയിലെ സ്ത്രീ എന്നതോ, മുസ്‌ലിം പെണ്ണ് എന്നാൽ പഴയ മാപ്പിളപ്പെണ്ണ് എന്നതോ ആയ സമവാക്യങ്ങളെ തിരസ്കരിച്ചു വേണം ഇസ്‌ലാമിക സ്ത്രീ ചരിത്രത്തിൽ സ്വയം അടയാളപ്പെടുത്താൻ.

ഈയൊരു ചരിത്രസന്ദർഭത്തെ മുൻനിർത്തിയാണ് ഡോ. ഖദീജ മുംതാസിന്റെ *ബർസ* വായിക്കപ്പെടേണ്ടത്. "*ബർസ* എന്ന നോവലിലെ പ്രമേയപരമായ അസ്തിത്വത്തിന്റെ പ്രാഗ്‌രൂപങ്ങൾ ഇസ്‌ലാമിക ഫെമിനിസ്റ്റുകളായ എഴുത്തുകാരുടെ രചനകളിൽ കണ്ടെത്തുന്നതിൽ ആകസ്മികതയില്ല" എന്ന് അവതാരികയിൽ എ.പി കുഞ്ഞാമു പറയുന്നുണ്ട്. ബർസ എന്നാൽ മുഖം തുറന്നിട്ടവൾ എന്നർഥം. ഫാത്തിമാ മെർനീസിയുടെ *വിമൺ ആന്റ് ഇസ്‌ലാമിൽ* ഈ പദം കടന്നുവരുന്നുണ്ടെന്നും അവതാരിക പറയുന്നുണ്ട്.

സന്ദേഹത്തിന്റെ സർഗാവിഷ്കാരം അല്ലെങ്കിൽ മതസന്ദേഹത്തിന്റെ നോവൽ രൂപം എന്ന് *ബർസ*യെ വേണമെങ്കിൽ കുറുക്കി എഴുതാം. 'സന്ദേഹിയാകാൻ പ്രേരിപ്പിച്ച സത്യവിശ്വാസിയല്ല സത്യാന്വേഷിയാകൂ എന്ന് ഉള്ളിലിരുന്നു മന്ത്രിച്ച കാരുണ്യമൂർത്തി'ക്കാണ് നോവൽ സമർപ്പിക്കപ്പെടുന്നത്. വിശ്വാസത്തിൽ സന്ദേഹം ഒരു പാപമല്ല. ദൈവത്തിന്റെ കൂട്ടുകാരനായ പ്രവാചകൻ ഇബ്റാഹീം 'എപ്രകാരമാണ് നാഥാ നീ മരിച്ചവരെ ജീവിപ്പിക്കുന്നത്' എന്നു ചോദിച്ച സന്ദർഭം ഖുർആൻ ഉദ്ധരിക്കുന്നുണ്ട്. അപ്പോൾ ദൈവം തിരിച്ചുചോദിച്ചു. 'നീ വിശ്വസിക്കുന്നില്ലേ.' ഇബ്റാഹീമിന്റെ ഉത്തരം: 'വിശ്വസിക്കുന്നു, എന്നാലും എന്റെ ഒരു മനഃശാന്തിക്കുവേണ്ടി.' അപ്പോൾ ദൈവം ഇബ്റാഹീമിനോട്: 'നാലു പറവകളെ പിടിച്ചിണക്കുക. അവയെ അറുത്ത് ഇറച്ചികൾ ഇടകലർത്തി വ്യത്യസ്ത മലകളിൽ വെക്കുക. എന്നിട്ട് അവയെ വിളിച്ചുനോക്കുക. അവ താങ്കളിലേക്ക് ഓടി വരുന്നതായിരിക്കും. താങ്കൾ അറിയുക, അല്ലാഹു പരമമായ അധികാരമുള്ളവനും യുക്തിജ്ഞനുമാകുന്നു' (*അൽബഖറ* 260). ഇവിടെ ചോദ്യത്തിനുത്തരം പറയുന്നതിനു മുമ്പ് ദൈവം ഇബ്റാഹീമിനോട് ആരാഞ്ഞ കാര്യം പ്രസക്തമാണ്; 'നീ വിശ്വസിക്കുന്നില്ലേ?' അഥവാ നിന്റെ സന്ദേഹം വിശ്വാസത്തിന്റെ അകത്തുനിന്നാണോ പുറത്തുനിന്നാണോ?

സന്ദേഹം ഒരു ഉപകരണമാണ്. കൂടുതൽ മെച്ചപ്പെട്ട മതബോധത്തിനും മതജീവിത ക്രമത്തിനുമായുള്ള അന്വേഷണത്തിന്റെ വഴിയിൽ സന്ദേഹങ്ങൾ ഉപയോഗിക്കപ്പെടാം. ഒരു നല്ല മനസ്സും നല്ല ജീവിതവും സൃഷ്ടിക്കാൻ മതം ബലഹീനമാണെന്നു വരുത്താനും സന്ദേഹം എന്ന ഉപകരണം ഉപയോഗപ്പെടുത്താം. അഥവാ സന്ദേഹത്തെ ഒരു സാഹിത്യരചനാ സങ്കേതമായി സ്വീകരിക്കാം. മതത്തിന്റെ വന്ധ്യതയെയും അപ്രാപ്തിയെയും അനാവരണം ചെയ്യാനാണ് *ബർസ*യിൽ സന്ദേഹങ്ങൾ ഉപയോഗപ്പെടുത്തപ്പെടുന്നത്. *ബർസ*യിലെ ചോദ്യങ്ങൾ, ചോദ്യങ്ങൾ എന്നതിനേക്കാൾ പ്രസ്താവനകളാണ്. ഒരു വിശ്വാസിയായ വായനക്കാരൻ *ബർസ*യുമായി ഇടയുന്നത് അത് ഇസ്‌ലാമിനെക്കുറിച്ച് ചോദ്യങ്ങൾ ചോദിക്കുന്നു എന്ന വ്യാജേന ഇസ്‌ലാമിനെക്കുറിച്ച് ബഹുദൈവത്വത്തിന്റെയും പാശ്ചാത്യ മതേതരത്വത്തിന്റെയും പക്ഷത്തുനിന്നുകൊണ്ട് സത്യവാങ്മൂലങ്ങൾ സമർപ്പിക്കുന്നു എന്നിടത്താണ്.

പ്രഭാകരൻഡോക്ടറുടെ മരുമകളും നാട്ടിലെ പ്രമാണിയായ രാഘവൻ മുതലാളിയുടെ മകളുമായ സബിത, നാട്ടുകാരനും സഹപാഠിയുമായ റഷീദുമായുള്ള പ്രണയം വഴിയാണ് ഇസ്‌ലാമി

●

**എല്ലാവരും അറബിയാവുക എന്നതോ എല്ലാവരും മലയാളി നായരാവുക എന്നതോ അല്ല സാംസ്കാരിക ജനാധിപത്യം. നല്ല മുസ്‌ലിമാവണമെങ്കിൽ അറബിയാവണമെന്ന തോന്നലിനെ ഇസ്‌ലാമിന്റെ അകം എന്നോ തോൽപിച്ചു വിട്ടതാണ്. പക്ഷേ ഒരു നല്ല മനുഷ്യനാവണമെങ്കിൽ സാംസ്കാരികമായി മതേതരനും സവർണനുമാകണമെന്ന സഹതാപാർഹമായ സിദ്ധാന്തമാണ് *ബർസ*യെ ഒരു പരാജയമാക്കുന്നത്.**

●

ലെത്തിച്ചേരുന്നത്. ഇരുവരും മെഡിസിൻ പാസായി വിവാഹിതരായി ജോലിക്കായി സൗദി അറേബ്യയിൽ എത്തിച്ചേർന്നതു മുതൽ, സബിത സൗദിയിൽ നിന്ന് നടത്തുന്ന ഇറങ്ങിപ്പോക്കിൽ തീരുന്നതാണ് നോവലിന്റെ സ്ഥലരാശി.

നോവലിന്റെ ആരംഭഭാഗത്ത് സബിത സൗദിയിൽ വന്ന് കുറച്ചു ദിവസങ്ങൾക്കുള്ളിൽ ഉദാരമതവാദി എന്ന് നോവൽ വിശേഷിപ്പിക്കുന്ന മുഹമ്മദ് ഡോക്ടർ, നോവലിലെ ആദർശകഥാപാത്രമായ സബിതയോട് ചോദിക്കുന്നുണ്ട്: "സബിത ഡോക്ടറുടെ സൗദി അറേബ്യൻ അനുഭവങ്ങളെപ്പറ്റിയൊന്നും പറഞ്ഞില്ലല്ലോ. ഹൗ ഡു യൂ ഫീൽ ഹിയർ? ഞങ്ങളീന്നൊക്കെ വ്യത്യസ്തമായി എന്തെങ്കിലും പറയാൻ കാണ്വോല്ലോ നിങ്ങൾക്ക്?"

"വന്നിട്ടൊരാഴ്ചയല്ലേയായുള്ളൂ ഡോക്ടർ. എങ്കിലും... ഉണ്ട്. കുറെയേറെ... ഒരു നവ മുസ്ലിം എന്ന നിലയിലും... പിന്നെ സ്ത്രീ എന്ന നിലയിലും."

"കേൾക്കട്ടെ, കേൾക്കട്ടെ. ഞങ്ങക്കതൊരു പുതിയ അനുഭവമായിരിക്ക്വാലോ!"

"സംശയങ്ങളുണ്ട്... കൺഫ്യൂഷൻസ് ഉണ്ട്. പലേ കാര്യത്തിലും... തുറന്നുപറഞ്ഞാൽ പക്ഷേ, മതനിന്ദയായാലോ? വിമർശനങ്ങളെ താങ്ങാൻ ശക്തിയുണ്ടാകുമോ മുസ്ലിങ്ങൾക്ക്?"

"ധൈര്യമായി പറഞ്ഞോളൂ.

ഞങ്ങളെ പേടിക്കണ്ട ഏതായാലും."

"ആദ്യത്തേത്... അകത്തുള്ള വിഗ്രഹങ്ങളെയൊക്കെ ദൂരെക്കളഞ്ഞ്, നിങ്ങൾ... അല്ല നമ്മൾ കഅ്ബ ദേവാലയത്തെത്തന്നെ വലിയൊരു വിഗ്രഹമാക്കിയിരിക്കയല്ലേ? വിഗ്രഹാരാധന, ബിംബാരാധന... കൊടിയ പാപമല്ലേ ഇസ്ലാമിൽ?"

"കഅ്ബ വിഗ്രഹമല്ലല്ലോ അതൊരു പള്ളിയല്ലേ? സഹസ്രാബ്ദങ്ങൾക്കു മുമ്പ് ഏകനായ അല്ലാഹുവിനെ ആരാധിക്കുവാൻ ഇബ്രാഹിം നബി പണിത പള്ളി."

"അതേ, ഏതൊരു പള്ളിയുംപോലൊരു പള്ളി. എന്നിട്ടോ?"

"ഏതൊരു പള്ളിയെയുംപോലല്ല. ഇസ്ലാമിലെ ആദ്യത്തെ പള്ളി. ലോകത്തെമ്പാടുമുള്ള മുസ്ലിംങ്ങൾ നിസ്കാരത്തിന് തിരിഞ്ഞുനില്ക്കുന്ന ഖിബ്ല."

"ആയിക്കോട്ടെ. ചരിത്രപ്രാധാന്യവും ആത്മീയ പ്രാധാന്യവുമുണ്ടതിന്. പക്ഷേ, ഇന്നതിന് ഒരു വിഗ്രഹത്തിന്റെ പരിവേഷംതന്നെയാണുള്ളത്. ആദ്യം അവിടെ പോയപ്പോൾതന്നെ എനിക്കതു ഫീൽ ചെയ്തു. അല്ലെങ്കിലെന്തിനാ വിശ്വാസികൾ അതിനെ പ്രദക്ഷിണം വയ്ക്കുന്നത്? എന്തിനതിനെ തൊട്ടുമുത്തുന്നു? ആഘോഷമായി കൊല്ലത്തിലൊരിക്കൽ രാജാവും പരിവാരങ്ങളുമെത്തി കുളിപ്പിക്കുന്നു? വിലകൂടിയ പട്ടു മാറ്റി പുതപ്പിക്കുന്നു?"

"ആളുകള്ക്ക് ഭക്തി വന്നാ തൊട്ടു മുത്താൻ എന്തെങ്കിലുമൊക്കെ വേണം ന്നേ. മദീനത്ത് ഞാങ്കണ്ടിട്ടുള്ളതല്ലേ. നബീടേം സഹാബിമാരുടേയും ഖബ്റിൽ. എന്തിന്, ആയിഷാ ബീവിടേം ഫാത്തിമാ ബീവിടേം ഖബറുകളിൽവരെ. മദീനയ്ക്കടുത്തൊരു ഉഹ്ദ് മലയുണ്ട്. ഉഹ്ദ്യുദ്ധത്തിലെ അവസാനം നബിയിരുന്ന പാറക്കല്ല് തൊട്ടുമുത്താൻ കെതച്ചു കെതച്ചു കേറിവരും ആളുകള്."

അബ്ദുവിന്റെ നേരനുഭവങ്ങൾക്ക് സത്യത്തിന്റെ വെളിച്ചമുണ്ട്:

"അനിസ്ലാമികം എന്നുപറഞ്ഞെതിർത്താലും മുഹമ്മദ് നബിയും സഹാബിമാരും പത്നിമാരുമൊക്കെ ഇവിടെ വരുന്ന ആവറേജ് മുസ്ലിമിന്റെ മനസ്സിൽ ആരാധനാവിഗ്രഹങ്ങൾതന്നെ. പ്രതീകങ്ങൾ അനുവദിക്കാത്തതുകൊണ്ട് അവർക്ക് വേറെ നിവൃത്തിയില്ലെന്നുമാത്രം."

ഈ നോവലിലെ ഏറ്റവും വാചാലതയുള്ള കഥാപാത്രമാണ് അബ്ദു. മക്കാ മദീനാ പള്ളികളിലെ ക്ലീനിംഗ് ജോലിക്കാരനായ, പിന്നെ മുഹമ്മദ് ഡോക്ടറുടെ പാചകക്കാരനും സഹായിയുമൊക്കെയായി നിൽക്കുന്ന അബ്ദു. "കല്ലാച്ചിയിലെ സൂപ്പിക്കായുടെ കുശിനിച്ചായപ്പീടികയിലെ ചായ വീഴ്ത്തുകാരനും മേശതുടപ്പുകാരനുമായിരുന്ന അബ്ദു. പിന്നെ അൽഇസ്തിഖാമ എന്ന കോൺട്രാക്ട് കമ്പനിവഴി സൗദി അറേബ്യയിൽ ശുചീകരണത്തൊഴിലാളിയായി എത്തുകയാണ്. അബ്ദു ഒരിക്കൽ ശിയാക്കളെക്കുറിച്ച് വിവരിക്കുന്നുണ്ട്. "ഓരെ നിസ്കാരമൊക്കെ വേറെന്നെയല്ലേ. അഞ്ചാറുകൊല്ലം മുമ്പത്തെ കഥയാണു കെട്ടോ. ഞാനന്നു മദീനാ പള്ളിയിലെ ക്ലീനിംഗ് ജോലിക്കാരൻ. ഇറാനികള് സുജൂദിൽ പോകുന്ന സ്ഥലത്ത് ഓരോ ചെറിയ കല്ല്! ആ കല്ലിന്റെ മോളിത്തന്നെ ഓര് സുജൂദിപ്പോകുമ്പോ നെറ്റിയമർത്തും." അതിനെക്കുറിച്ച് നോവലിസ്റ്റ് പറയുന്നത് "കല്ലുതന്നെ ഇവിടേം വില്ലൻ. കല്ലിക്കൊത്തിയ വിഗ്രഹങ്ങൾ പോയിട്ടും കല്ലിന്റെ പ്രതീകാത്മകത നഷ്ടപ്പെടുന്നില്ല. അല്ലേ." റഷീദിന് അതു വളരെ കൗതുകമേകുന്നതായി.

മനുഷ്യമനസ്സിന്റെ സ്വാഭാവികത ബഹുദൈവത്വത്തിന്റേതാണെന്നും ഏകദൈവത്വം കൃത്രിമമാണെന്നും ഒരുപാടിടങ്ങളിൽ നോവൽ പറയാൻ ശ്രമിക്കുന്നുണ്ട്. ഇത് ഉത്തരാധുനികതയെ ഉപജീവിച്ചുകൊണ്ട് മലയാളത്തിൽ ആനന്ദ് ഇതിനേക്കാൾ കരുത്തോടെ നേരത്തെ പറഞ്ഞുവെച്ച കാര്യമാണ് (*വേട്ടക്കാരനും വിരുന്നുകാരനും* - ആനന്ദ്). ദൈവത്തിന്റെ ചിഹ്നങ്ങളെ ദൈവത്തിന്റെ പ്രതീകമായി തെറ്റായി വായിക്കുന്നു എന്നതാണ് *ബർസ* ഈ വിഷയത്തിൽ നടത്തുന്ന കൂട്ടിച്ചേർക്കൽ. മനുഷ്യമനസ്സ് തെന്നി വീണുപോകുന്നയിടമാണ് ഉദാത്തമെങ്കിൽ ഏകദൈവത്വത്തേക്കാൾ ബഹുദൈവത്വം മാത്രമല്ല നന്മയെക്കാൾ തിന്മയും ഉദാത്തമാണ് എന്നു സമ്മതിക്കേണ്ടിവരും. ഈ സാർവലൗകികസത്യം *ബർസ*യും പങ്കുവെക്കുന്നുണ്ട്. "സംസ്കാരത്തിന്റെ പൈതൃകങ്ങൾ അവകാശപ്പെടുന്ന നിന്റെ ഇന്ത്യയിൽ സംഭവിച്ചുകൊണ്ടിരിക്കുന്നതും എന്താണ്? ചരിത്രഗതിയിൽ അദ്ഭുതമെന്നു വിളിക്കാവുന്ന ഗാന്ധിജിയെയും നിങ്ങൾക്കുകിട്ടി. ആത്മീയതയെ ഒഴിച്ചു നിർത്തിയാൽ ഇസ്‌ലാമിക ഖിലാഫത്തിനോടേറ്റവും സാദൃശ്യമുള്ള നിങ്ങളുടെ ജനായത്ത ഭരണത്തിന്റെ സ്ഥിതിയെന്താണ്? 40 കൊല്ലങ്ങൾക്കുശേഷം ഇന്ന്! രാജഭരണവും സാമ്രാജ്യത്വവുമൊക്കെ പോയിമറഞ്ഞെങ്കിലും നിങ്ങളുടെ പുതിയ ഭരണാധികാരികൾ അഴിമതിയിലും സ്വജനപക്ഷപാതിത്വത്തിലും മുങ്ങി മുൻ ചക്രവർത്തിമാരെപ്പോലെ സ്വസത്തയെത്തന്നെ സേവിച്ചുകൊണ്ടിരിക്കുന്നു.... ങ്ഹും.! മനുഷ്യപ്രകൃതി എക്കാലത്തും ഒരുപോലെതന്നെ. അതിന് നന്മയെ ഏറെ താങ്ങാൻ വയ്യ" (പേജ് 76)

*ബർസ* ഇസ്‌ലാമിനെ അതിന്റെ ഉള്ളിൽ നിന്നുകൊണ്ട് ആവിഷ്കരിക്കുന്ന ഒരു രചന എന്നതിനേക്കാൾ പുറത്തുനിന്ന് അതിനെ അഭിമുഖീകരിക്കുന്ന ഒരു പുസ്തകമാണ്. അപ്പോൾ ബർസ എന്താണ് ഇസ്‌ലാമിനോട് ആവശ്യപ്പെടുന്നത്? പ്രമാണങ്ങൾ പൂർണമായും സന്ദർഭമുക്തമല്ല, മതം കേവലാചാരബന്ധമല്ല എന്നുതുടങ്ങി സമകാലിക ഇസ്‌ലാമിക നവോത്ഥാനപ്രസ്ഥാനങ്ങളുടെ പ്രമേയങ്ങളിൽ ചിലത് ഈ കൃതിയും പങ്കുവെക്കുന്നുണ്ട്. പക്ഷേ *ബർസ* അവിടെനിന്ന് ഒരുപാടകലം സഞ്ചരിക്കുന്നുണ്ട്. ആ അകലം ഇസ്‌ലാമിന്റെ ആത്മാവിൽ നിന്നും പാശ്ചാത്യ മതേതര ദർശനത്തിന്റെ ആത്മാവിലേക്കുള്ള അകലമാണ്. *ബർസ* ഒരു യാത്രയുടെ കഥയാണ്. കേരളത്തിൽ നിന്ന് സൗദി അറേബ്യയിലേക്കും തിരിച്ച്

**ഖദീജ മുംതാസ് സ്വയം നഷ്ടപ്പെടുത്തിക്കളഞ്ഞത് ഇസ്‌ലാമിന്റെ സ്ത്രൈണാവിഷ്കാരത്തിന്റെ ഒരു വലിയ സാധ്യതയെയാണ്. ഇസ്‌ലാമിന്റെ അകത്തുനിന്നുകൊണ്ടുതന്നെ പെണ്ണിന് അവളെ വരക്കാനും നിറംകൊടുക്കാനുമുള്ള, ഇസ്‌ലാമിന്റെ ഒരു പെണ്ണനുഭവത്തെ രചിക്കാനുള്ള സാധ്യതയെ. ഇസ്‌ലാം സ്ത്രീയുടെ മുന്നിൽ തുറന്നിടുന്ന വളരെ വിപുലമായ ഈ അവസരത്തെ സ്വയം നഷ്ടപ്പെടുത്തി എന്നതാണ് വിശ്വാസിയായ ഒരാൾക്ക് *ബർസ* നൽകുന്ന വായനാനുഭവം.**

സൗദി അറേബ്യയിൽ നിന്ന് കേരളത്തിലേക്കുമുള്ള ഒരു യാത്രയുടെ കഥ. ഒപ്പം ഹൈന്ദവ സവർണ്ണ മതേതര സംസ്കൃതിയിൽ നിന്ന് ഇസ്‌ലാമിലേക്കും തിരിച്ച് ഇസ്‌ലാമിൽ നിന്ന് ഹൈന്ദവ മതേതര സംസ്കൃതിയിലേക്കുള്ള യാത്രയുടെ കഥയാണ്. കേരളവും സൗദി അറേബ്യയുമാണ് നോവലിൽ മാറിമാറി പ്രത്യക്ഷപ്പെടുന്ന രണ്ട് സ്ഥലങ്ങൾ. ഇവ രണ്ടു സ്ഥലങ്ങൾ മാത്രമല്ല; രണ്ട് സംസ്കാരങ്ങളുടെ ജൈവ ഭൂപടങ്ങൾ കൂടിയാണ് കൃതിക്ക്. കേരളത്തിലെ ധന്യ സംസ്കാരത്തിൽ നിന്നും സൗദി മുസ്‌ലിം ജീർണ്ണതയിലേക്കും തിരിച്ചുമുള്ള യാത്രാവിവരണമാണ് *ബർസ*. കേരള മുഖ്യധാരാ സംസ്കാരത്തിന്റെ അപരമായാണ് അറബി അപരിഷ്കൃത സംസ്കാരം നോവലിൽ കടന്നുവരുന്നത്. *ബർസ* ഇസ്‌ലാമിനോട് ആവശ്യപ്പെടുന്നത് മതേതര മുഖ്യധാരയിൽ ലയിച്ചുചേരാനാണ്. "രക്ഷകന്റെ മതം എന്നവകാശപ്പെടുന്നത് ഇസ്‌ലാം മാത്രമാണെന്ന് നിനക്കറിഞ്ഞുകൂടേ. ഓരോരോ ചരിത്രഘട്ടങ്ങളിൽ മനുഷ്യനെ ജീർണതകളിൽ നിന്നും മാനസികോന്നതിയിലേക്കുയർത്തുന്ന രക്ഷകനായിത്തന്നെയാണ് എല്ലാ മതങ്ങളുടെയും ഉദയം. സാംസ്കാരികമായ ആ നിയോഗം നിറവേറ്റിക്കഴിഞ്ഞാൽ മതങ്ങൾ മാനവസംസ്കൃതിയുടെ ഭാഗമാകണം. ആ മഹാസാഗരത്തിലലിഞ്ഞുചേരണം.... പൂന്തേൻ വെള്ളത്തിലെന്നപോലെ... സ്വച്ഛം... ശാന്തം... മധുരപ്രദം...! പക്ഷേ ഇങ്ങനെയാണോ സംഭവിക്കുന്നത്. ചരിത്ര നിയോഗനിർവഹണത്തിനു ശേഷം വ്യക്തിപരപ്രസക്തി നഷ്ടപ്പെട്ട മതങ്ങൾ മനുഷ്യനെ വരിഞ്ഞുകെട്ടാനുള്ള കയറായി മാറുന്നു. അന്യമതസ്ഥനെ അടിക്കാനുള്ള ചാട്ടവാറാകുന്നു. സന്ദേഹിയെ വായ്മൂടിക്കെട്ടാനുള്ള കവചമാകുന്നു" (പേജ് 74).

ഇന്ന് ലോകത്തിലെ പ്രബലമായ രണ്ട് ആദർശ ധാരകളാണ് ഇസ്‌ലാമും കേവല ഭൗതിക മതേതരത്വവും. ഇവ തമ്മിലുള്ള സമരങ്ങൾ പല തരത്തിൽ ഇന്ന് പ്രകാശിപ്പിക്കപ്പെടുന്നുണ്ട്. ഈ സമരമുഖത്ത് മതേതര മുഖ്യധാരയിൽ 'പൂന്തേൻ വെള്ളത്തിലെന്നപോലെ' ലയിച്ചുചേരണമെന്നാണ് *ബർസ* ഇസ്‌ലാമിനോടാവശ്യപ്പെടുന്നത്. നമ്മുടെ മുഖ്യധാരകളോട് ഒരു കലഹവുമില്ലാത്ത ശാന്തവും സ്വഛവും മധുരോദാരവുമായ അംഗഭംഗം വന്ന ഇസ്‌ലാം. ഈ വികലാംഗ ഇസ്‌ലാമിൽ നിന്ന് ഒരു ചെറുത്തുനിൽപും പ്രതിരോധവും മത-മതേതര മുഖ്യധാരകൾ ഭയപ്പെടേണ്ടതില്ല. ഇസ്‌ലാമിനെ ആ വിധത്തിലേക്ക് ശസ്ത്രക്രിയ ചെയ്തെടുക്കുക എന്ന ജോലിയാണ് *ബർസ* ഏറ്റെടുക്കുന്നത്.

*ബർസ* നിൽപുറപ്പിക്കുന്ന പ്രത്യയശാസ്ത്ര തറ ആധുനികവും മതേതരവും സവർണവുമായ ഭാരതീയ കേരളീയ മുഖ്യധാരയാണ്. ഇവിടെ നിന്നുകൊണ്ട് ഇസ്‌ലാമിനെ നോക്കിക്കാണാനുള്ള ശ്രമമാണ് നോവൽ നടത്തുന്നത്. കൊളോണിയൽ ആധുനികതയും സവർണ്ണ സംസ്കാരവും സമ്മിശ്രമായിച്ചേർന്ന് കേരളത്തിൽ രൂപപ്പെട്ട ആധുനിക മുഖ്യധാരാ സംസ്കാരമാണ് *ബർസ*യുടെ ആദർശസ്ഥലി. അതിന്റെ അപരമായി സബിതയിലൂടെ ഇസ്‌ലാമിനെ അവതരിപ്പിക്കുകയാണ് നോവൽ ചെയ്യുന്നത്. ബലി ഒരു വൻപാപമായി നോവലിൽ കടന്നുവരുന്നുണ്ട്. സസ്യാഹാരം മാത്രം പവിത്രവും മാംസാഹാരം അശുദ്ധവുമാകുന്നതിന്റെ സാംസ്കാരിക രസതന്ത്രം തെരയേണ്ടത് ഇവിടെയാണ്.

അറബികളാണ് ഈ നോവലിന്റെ മറ്റൊരപരം. മാന്യതയുടെ മുഴുവൻ സന്തുലിതത്വവും അവരുടെ കാര്യത്തിൽ നോവലിന് നഷ്ടപ്പെടുന്നുണ്ട്. റഷീദിന്റെ ഒരു തെറ്റിദ്ധാരണയുടെ മേൽ, അത് ഞാനായിട്ട് മുൻകൈയെടുത്ത് തിരുത്തില്ലെന്ന സബിതയുടെ ശാഠ്യത്തിനുപുറത്ത്, അവരുടെ ബന്ധം നോവലിന്റെ അന്ത്യഭാഗത്ത് കഥ അവസാനിക്കുന്നതിന്റെ തൊട്ടുമുമ്പ് ഏറെ വഷളാകുന്നുണ്ട്. ആ കാർമേഘം മൂടിക്കെട്ടിയ അന്തരീക്ഷം ദിവസങ്ങളോളം നിലനിന്ന ശേഷം സബിത റഷീദില്ലാതെ ഒറ്റക്ക് മകനേയും കൊണ്ട് നാട്ടിലേക്ക് തിരിച്ചുപോകാൻ തീരുമാനിക്കുന്നുണ്ട്. അപ്പോൾ റഷീദ് അവളോട് ചോദിച്ചു: "അപ്പോൾ ഞാൻ പോന്നില്ലെങ്കിലും നീയും മോനും പോകുമെന്നാണോ?" "പോകാതെ നിവൃത്തിയില്ല റഷീദ്, ഇങ്ങനെ കഴിയാൻ വയ്യ. മോനെക്കൂടി അത് ബാധിക്കും. അവൻ നാട്ടിലെത്തി മനുഷ്യരെക്കണ്ട് വളർന്നോട്ടെ." "ഞാനും ഇവിടെയുള്ളവരൊന്നും മനുഷ്യരല്ലെന്നാണോ"എന്ന റഷീദിന്റെ ചോദ്യവും "അങ്ങനെ ഞാൻ പറഞ്ഞില്ല" എന്ന സബിതയുടെ വിശദീകരണവും കൊണ്ട് നോവലിസ്റ്റ് ബാലൻസ് ചെയ്യാൻ ശ്രമിക്കുന്നുണ്ടെങ്കിലും വേറെയും പലയിടങ്ങളിലും അറബി മനുഷ്യനാണോ എന്ന സന്ദേഹവും അല്ലെന്ന വികാരവും നോവൽ പ്രകടിപ്പിക്കുന്നുണ്ട്. "അടിമകൾ അന്നിന്റെ ഒരു യാഥാർഥ്യമായിരുന്നു. ഒരു സുപ്രഭാതത്തിൽ ശീലങ്ങൾ എല്ലാം ഉപേക്ഷിക്കാൻ മാത്രം മാനസികവികാസം എവിടെ കാട്ടറബികൾക്ക്'' എന്നും അബ്ദു വാചാലനാകുന്നുണ്ട്.

ചുരുക്കത്തിൽ മതേതരവും സവർണവുമായ ഭാരതീയ കേരളീയ മുഖ്യധാരാ സംസ്കാരം ഒരു മുസ്‌ലിം സ്ത്രീയിലൂടെ നടത്തുന്ന ഇസ്‌ലാം വായനയാണ് *ബർസ*. *ബർസ* സൗദി വഹാബി പൗരോഹിത്യത്തെയും യാഥാസ്ഥിതികത്വത്തേയും കുറിച്ചുന്നയിക്കുന്ന വിമർശനങ്ങളിൽ അതിഭാവുകത്വവും അതിരുകവിച്ചിലും കിഴിച്ചാലും ബാക്കിയാവുന്ന ചില സത്യങ്ങളുണ്ട്. പക്ഷേ നോവലിൽ പലയിടത്തും പ്രകടിപ്പിക്കുന്ന അത്തരം നുറുങ്ങു സത്യങ്ങൾ നോവൽ ചെന്നുചാടുന്ന ഇസ്‌ലാമിതരതയുടെ വാരിക്കുഴികൾക്ക് പരിഹാരമാകുന്നില്ല.

*ബർസ* മലയാളത്തിൽ ശ്രദ്ധിക്കപ്പെട്ടത് അതിന്റെ സൗന്ദര്യശാസ്ത്രപരമായ മൂല്യങ്ങളേക്കാൾ സാമൂഹ്യശാസ്ത്രപരമായ മൂല്യങ്ങൾ കൊണ്ടാണ്. ഒരു മുസ്‌ലിംസ്ത്രീ എഴുതിയ സ്വത്വസാന്നിധ്യമുള്ള രചന, ഒരു മുസ്‌ലിം പെണ്ണ് ഇസ്‌ലാമിനെ വായിച്ചതിന്റെ സർഗാവിഷ്കാരം എന്ന നിലക്കാണ്. പക്ഷേ ഒരാധുനിക മലയാളി നായർപെണ്ണ് അവരുടെ വംശീയ സാംസ്കാരിക മുൻനിർണയങ്ങളോടെ ഇസ്‌ലാമിനെ വായിച്ചാൽ കിട്ടുന്ന ഫലം മാത്രമേ ഖദീജ മുംതാസ് ഇസ്‌ലാമിനെ വായിച്ചിട്ടും എഴുതിയിട്ടും മലയാളത്തിന് ലഭിച്ചിട്ടുള്ളൂ. എല്ലാവരും അറബിയാവുക എന്നതോ എല്ലാവരും മലയാളി നായരാവുക എന്നതോ അല്ല സാംസ്കാരിക ജനാധിപത്യം. നല്ല മുസ്‌ലിമാവണമെങ്കിൽ അറബിയാവണമെന്ന തോന്നലിനെ ഇസ്‌ലാമിന്റെ അകം എന്നോ തോൽപിച്ചു വിട്ടതാണ്. പക്ഷേ ഒരു നല്ല മനുഷ്യനാവണമെങ്കിൽ സാംസ്കാരികമായി മതേതരനും സവർണനുമാകണമെന്ന സഹതാപാർഹമായ സിദ്ധാന്തമാണ് *ബർസ*യെ ഒരു പരാജയമാക്കുന്നത്.

ഖദീജ മുംതാസ് സ്വയം നഷ്ടപ്പെടുത്തിക്കളഞ്ഞത് ഇസ്‌ലാമിന്റെ സ്ത്രൈണാവിഷ്കാരത്തിന്റെ ഒരു വലിയ സാധ്യതയെയാണ്. ഇസ്‌ലാമിന്റെ അകത്തുനിന്നുകൊണ്ടുതന്നെ പെണ്ണിന് അവളെ വരക്കാനും നിറംകൊടുക്കാനുമുള്ള, ഇസ്‌ലാമിന്റെ ഒരു പെണ്ണനുഭവത്തെ രചിക്കാനുള്ള സാധ്യതയെ. ഇസ്‌ലാം സ്ത്രീയുടെ മുന്നിൽ തുറന്നിടുന്ന വളരെ വിപുലമായ ഈ അവസരത്തെ സ്വയം നഷ്ടപ്പെടുത്തി എന്നതാണ് വിശ്വാസിയായ ഒരാൾക്ക് *ബർസ* നൽകുന്ന വായനാനുഭവം. ■